# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 32** | **10-03-2015-ലെ മറുപടിയ്ക്ക്**

## ഭാഗ്യക്കുറിയ്ക്ക് സേവന നികുതി

**ചോദ്യം**

**ശ്രീ. ജെയിംസ് മാത്യു**
**ശ്രീ. വി. ശിവൻകുട്ടി**
**ശ്രീ. സാജു പോൾ**
**ശ്രീമതി.കെ. എസ്. സലീഖ**

**മറുപടി**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

**എ)** ഭാഗ്യക്കുറിയ്ക്ക് സേവന നികുതി ഏർപ്പെടുത്തുന്നത് സംസ്ഥാന ലോട്ടറിയെ എത്രത്തോളം പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വ്യക്തമാക്കുമോ ;

**ബി)** സേവന നികുതി ഏർപ്പെടുത്തുന്നതുമൂലം ടിക്കറ്റ് വില്പനയിൽ കുറവുണ്ടാകുമെന്നും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ പ്രകടിപ്പിച്ച ആശങ്കകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ ;

**എ) & ബി)** ഭാരത സർക്കാരിന്റെ ധനകാര്യ മന്ത്രാലയം 26/02/2010-ൽ പുറപ്പെടുവിച്ചിട്ടുള്ള D.O.F. No. 3343/01/TRU പ്രകാരം, 1994-ലെ കേന്ദ്ര ഫിനാൻസ് ആക്ടിലെ സെക്ഷൻ 65-ന്റെ സബ്സെക്ഷൻ 105-ൽ 8 സർവ്വീസുകൾ ടാക്സബിൾ സർവ്വീസസ് ആയി ഉൾപ്പെടുത്തി. അതിൽ ലോട്ടറി ഉൾപ്പെടെയുള്ള 'Services of Promoting, Marketing or Organising of Games of Chance'-ഉം ഉൾപ്പെടുന്നു (സെക്ഷൻ 105(105)(ZZZZn)). ഇപ്രകാരം ടാക്സബിൾ സർവ്വീസിൽ ലോട്ടറിയും ഉൾപ്പെട്ടതിനാൽ ബിസിനസ് ആക്സിലറി സർവ്വീസ് എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ സർവ്വീസ് ചാർജ്ജ് ചുമത്തിക്കൊണ്ട് രജിസ്റ്റേഡ് ലോട്ടറി ഏജന്റുമാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് കൈപ്പറ്റിയ ചില രജിസ്റ്റേഡ് ഏജന്റുമാർ പ്രസ്തുത തുക ലോട്ടറി വകുപ്പിൽ നിന്ന് അടയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഈ വിഷയം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടുകയുണ്ടായി.

സൺറൈസ് ഇൻഡസ്ട്രീസ് Vs. ഗവൺമെന്റ് ഓഫ് ഇൻഡ്യ എന്ന കേസ്സിൽ ലോട്ടറി എന്നത് ഉൽപ്പന്നം (Product)/ സേവനം (Service) അല്ലെന്നും ഒരു "Actionable Claim" ആണെന്നും ബഹു. സുപ്രീം കോടതി വിലയിരുത്തിയിട്ടുണ്ട്. 2012-ലെ കേന്ദ്ര ഫിനാൻസ് ആക്ടിലെ സെക്ഷൻ 66 D (i) പ്രകാരം Betting & Gambling, ലോട്ടറി എന്നിവ സർവ്വീസ് ടാക്സിന്റെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെട്ടവയെ സർവ്വീസ് ടാക്സിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ Betting & Gambling/Lottery എന്നിവ സ്റ്റേറ്റ് ലിസ്റ്റിൽ (List II of the 7th Schedule of Constitution) ഉൾപ്പെട്ടതാണ്. സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെട്ട ഇനങ്ങൾക്ക് നികുതി ഏർപ്പെടുത്തുന്നതിന് നിയമ നിർമ്മാണം നടത്താൻ സംസ്ഥാന സർക്കാരുകൾക്കാണ് അധികാരമുള്ളത്. ആയതിനാൽ ലോട്ടറിയിന്മേൽ കേന്ദ്രസർക്കാർ സർവ്വീസ് ചാർജ്ജ് ഏർപ്പെടുത്തുന്നത് ഭരണ ഘടനയുടെ Article 248-ന്റെ ലംഘനമാണെന്ന് ബഹു. സിക്കിം ഹൈക്കോടതി, M/s. Summit Online Trade Solution Pvt. Ltd ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ (C) നം. 1&2/13, എന്ന കേസ്സിൽ നിലപാട് എടുത്തിട്ടുണ്ട്. ഈ കേസ്സ് ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ലോട്ടറി പ്രൊമോട്ട് ചെയ്യുന്നതിനോ മാർക്കറ്റ് ചെയ്യുന്നതിനോ സംസ്ഥാന സർക്കാർ സ്വകാര്യ കമ്പനികളേയോ ഏജൻസികളെയോ നിയമിച്ചിട്ടില്ല. സംസ്ഥാന സർക്കാർ തന്നെയാണ് പ്രൊമോട്ടർ. അതുകൊണ്ടുതന്നെ സെല്ലിംഗ് ഏജന്റുമാർ സർക്കാരിന് സേവനമൊന്നും ചെയ്യുന്നില്ല. അതിനാൽ ലോട്ടറി

ട്രേഡിനെ ബിസിനസ് ആക്സിലറി സർവ്വീസായി കണക്കാക്കാനാവില്ല എന്ന നിലപാടാണ് സംസ്ഥാന സർക്കാരിന്റേത്.

മേൽ സാഹചര്യത്തിൽ സുപ്രീം കോടതിയുടെ പരിഗണനയിലുള്ള കേസ്സുകളുടെ അന്തിമ വിധി വരുന്നതുവരെ ലോട്ടറി ബിസിനസ്സിന്മേൽ സേവന നികുതി ചുമത്തുന്നതിനുള്ള നടപടികൾ നിർത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്.

സർവ്വീസ് ടാക്സ് ഈടാക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ലോട്ടറിയുടെ വില്പനയെ അത് പ്രതികൂലമായി ബാധിച്ചിട്ടില്ല.

**(സി)** ലോട്ടറി ടിക്കറ്റ് വിൽപന കുറയുന്നത് കാരുണ്യപോലുള്ള പദ്ധതികൾക്ക് തുക നൽകുന്നതിൽ കുറവ് ഉണ്ടാക്കുമോ എന്ന് വ്യക്തമാക്കാമോ ;

**(സി)** ലോട്ടറിയിന്മേൽ സേവന നികുതി ഈടാക്കുന്നതു സംബന്ധിച്ച വിഷയം വിവിധ കേസ്സുകളിലായി കോടതിയുടെ പരിഗണനയിലായതിനാൽ എല്ലാ ഏജന്റുമാരും സേവന നികുതി അടച്ചു തുടങ്ങിയിട്ടില്ല. സേവന നികുതിയുമായി ബന്ധിപ്പെട്ട് ലോട്ടറി ടിക്കറ്റ് വിൽപന കുറയുമെന്നോ കാരുണ്യപോലുള്ള പദ്ധതികൾക്ക് തുക നൽകുന്നതിൽ കുറവ് ഉണ്ടാകുമെന്നോ ഇപ്പോൾ വിലയിരുത്താനാവില്ല.

**(ഡി)** ലോട്ടറിയ്ക്ക് സേവന നികുതി ഏർപ്പെടുത്തിയത് പിൻവലിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

**(ഡി)** ലോട്ടറിയ്ക്ക് സേവന നികുതിഏർപ്പെടുത്തുന്നത് സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ്സുകൾ നിലവിലുള്ള സാഹചര്യത്തിൽ പ്രസ്തുത കേസ്സുകളുടെ അന്തിമ വിധി വരുന്നതുവരെ സേവന നികുതി ചുമത്തുന്നതിനുള്ള നടപടികൾ നിർത്തി വയ്ക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ